ഉത്തരം

(എ) സ്ഥാപിച്ചിട്ടില്ല.

(ബി) 2003-2004 സാമ്പത്തിക വർഷത്തെ പർച്ചേസിൽ മഞ്ചേരി ജില്ലാ ആശുപത്രിക്കുവേണ്ടി ഒരെണ്ണമുൾപ്പെടെ എട്ട് വെന്റിലേറ്റർ വാങ്ങുന്നതിനുള്ള നിർദ്ദേശങ്ങൾ ലഭിച്ചു. ഡിപ്പാർട്ടുമെന്റൽ പർച്ചേസ് കമ്മിറ്റി പ്രസ്തുത നിർദ്ദേശം തള്ളിക്കളയുകയും പുനർദർഘാസ് ക്ഷണിക്കുവാനുള്ള മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്തു. അതുപ്രകാരം പുനർദർഘാസ് മേൽവർഷം തന്നെ ക്ഷണിക്കുകയും തുടർ നടപടിക്രമങ്ങൾ പുരോഗമിച്ചുവരികയും ചെയ്യുന്നു.

(സി) മേൽ പറഞ്ഞ നടപടിക്രമങ്ങൾ പൂർത്തിയാക്കി ഡിപ്പാർട്ടുമെന്റൽ പർച്ചേസ് കമ്മിറ്റി മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. പ്രസ്തുത കമ്മിറ്റിയുടെ അനുമതി ലഭിച്ചാലുടൻ ഉപകരണം വാങ്ങി മഞ്ചേരി ജില്ലാ ആശുപത്രിക്ക് നൽകുന്നതാണ്.

ശിശുരോഗ പരിചരണ യൂണിറ്റ് നിർത്തലാക്കുന്നതിനെതിരെ നടപടി

135 [1712] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയോടനുബന്ധിച്ചുള്ള ശിശുരോഗ പരിചരണ യൂണിറ്റ് നിർത്തലാക്കുന്നതിന് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെതിരെ നടപടി സ്വീകരിക്കുന്നതിനുവേണ്ടി ആലപ്പുഴ എം.എൽ.എ. സമർപ്പിച്ച നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിൻമേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly